# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6 — 03.02.2020 ൽ മറുപടിക്ക്

## എൻ.പി.ആർ. ചോദ്യാവലി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ടി.ജെ.വിനോദ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | മാതാപിതാക്കളുടെ ജനന സ്ഥലം സംബന്ധിച്ച രണ്ട് ചോദ്യങ്ങൾ സെൻസസിൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എൻ.പി.ആർ.ൽ ഉള്ള ഈ ചോദ്യാവലികൾ ഒഴിവാക്കി സെൻസസിന്റെ കൂടെ എൻ പി. ആർ. നടപ്പിലാക്കാനാണോ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) & (സി) | ജനസംഖ്യാ കണക്കെടുപ്പ് (Census) 2021 ഉം, ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കലും രണ്ട് നിയമത്തിനു കീഴിൽ വരുന്ന രണ്ട് പ്രത്യേക പ്രക്രിയകളാണ്. ഇത്തവണത്തെ ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യഘട്ടമായി 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നടക്കുന്ന houselisting & housing census നൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടി കൂടി നടപ്പിലാക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പൗരത്വ ഭേദഗതി നിയമത്തെ (CAA-2019) തുടർന്ന് ഉടലെടുത്ത സാഹചര്യങ്ങൾ കണക്കിലെടുത്ത് ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് കഴിയില്ലാ എന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പിന്റെ ഭാഗമായി ശേഖരിക്കുന്ന സാമൂഹിക സാമ്പത്തിക വ്യക്തിഗത സ്ഥിതിവിവര കണക്കുകൾ അടുത്ത പത്ത് വർഷത്തേക്ക് സർക്കാരുകൾക്ക് നടപ്പിലാക്കേണ്ട വികസന ക്ഷേമ പ്രവർത്തനങ്ങളുടെ |
| (സി) | സെൻസസ് നടപടികൾ എൻ.പി.ആറുമായി ചേർന്ന് കിടക്കുന്നതിനാൽ സെൻസസ് നടപടികൾ വ്യക്തത വരുത്തുന്നതുവരെ താൽക്കാലികമായി നിർത്തിവയ്ക്കാൻ സർക്കാർ മുൻകൈയെടുക്കുമോ? | | |

| | | | |
|---|---|---|---|
| | | | അവലംബ രേഖയാണ്. ആയത് കൊണ്ട് തന്നെ രാജ്യത്ത് 2 ഘട്ടങ്ങളിലായി നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പ് (Census) 2021 സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തേണ്ടത് അനിവാര്യമാണ്. ജനസംഖ്യാ കണക്കെടുപ്പിനും ദേശീയ ജനസംഖ്യാ പട്ടിക പുതുക്കുന്നതിനും പ്രത്യേകം ചോദ്യാവലികളും പ്രത്യേകം പ്രൊഫോർമയുമാണ്. ഇവരണ്ടും ചേർന്ന് കിടക്കുന്ന നടപടികൾ അല്ല. അതുകൊണ്ട് തന്നെ എൻ.പി.ആർ,ലുള്ള ചോദ്യങ്ങൾ ഒഴിവാക്കി സെൻസസ്സ് നടത്തുകയല്ല ചെയ്യുന്നത്. എൻ.പി.ആർ നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പാക്കാത്തതിനാൽ ഉദ്യോഗസ്ഥർ എൻ.പി.ആർ ചോദ്യാവലിയുമായി ജനങ്ങളെ സമീപിക്കുകയില്ല. മേൽ പറഞ്ഞ കാരണങ്ങൾ കൊണ്ട് 10 വർഷത്തിലൊരിക്കൽ കൃത്യമായി നടന്നു വരുന്ന രാഷ്ട്രത്തിന്റെ ജനസംഖ്യാ കണക്കെടുപ്പ് നിർത്തി വയ്ക്കുവാൻ ആവശ്യപ്പെടാനുള്ള സാഹചര്യം നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**